ഓരോ വർഷവും നീക്കിവച്ച തുക, ലഭ്യമായ കേന്ദ്ര സഹായം സംബന്ധിച്ച വിവരം (തുക ലക്ഷത്തിൽ)

| വർഷം | നീക്കിവച്ച പ്ലാൻ ഫണ്ട് | ലഭ്യമായ കേന്ദ്രസഹായം |
|---|---|---|
| 2011-12 | 5544.00 | 158.89 |
| 2012-13 | 17666.00 | ... |
| 2013-14 | 5185.00 | 4301.20 |
| 2014-15 | 4498.00 | 3397.23 |

(ബി) വിദേശ സഹായങ്ങളോ മറ്റു സഹായങ്ങളോ ലഭിച്ചിട്ടില്ല. മാലിന്യ മുക്ത കേരളത്തിനായി ഓരോ വർഷവും ചെലവാക്കിയ തുക വിവരം ചുവടെ പട്ടികപ്പെടുത്തുന്നു :

| വർഷം | ചെലവാക്കിയ തുക (ലക്ഷത്തിൽ) | |
|---|---|---|
| | പ്ലാൻ ഫണ്ട് | കേന്ദ്രസഹായം (മുൻ നീക്കിയിരിപ്പ് സഹിതം) |
| 2011-12 | 5410.00 | 987.89 |
| 2012-13 | 4923.00 | 951.51 |
| 2013-14 | 1462.66 | 2510.83 |
| 2014-15 | 1650.80 | 3951.69 |

**ഇൻഫർമേഷൻ കേരള മിഷന് അംഗത്വഫീസും വരിസംഖ്യയും നൽകുന്നതു സംബന്ധിച്ച്**

170 (5523) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് അംഗത്വ ഫീസും വരിസംഖ്യയും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :

(ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത് - 3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് - 5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് - 15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി -10 ലക്ഷം രൂപ, കോർപ്പറേഷൻ - 20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും വാർഷിക വരിസംഖ്യ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും ഒരു രൂപ എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത്

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർ**

171 (5524)ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ (IKM) സ്വയംഭരണ സ്ഥാപനമായത് എത് തീയതി മുതലാണ് എന്ന് അറിയിക്കുമോ;

(ബി) എത്ര ജീവനക്കാരാണ് ഐ.കെ.എം-ൽ ഇപ്പോൾ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) 10 വർഷത്തിൽ കൂടുതൽ ജോലിചെയ്യുന്നവരെത്രയെന്നും ഇതിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയവരെത്രയെന്നും അവരുടെ പേര് വിവരവും വെളിപ്പെടുത്തുമോ ;

(ഡി) ഐ.കെ.എം-ലെ ജീവനക്കാരുടെ വേതന പരിഷ്കരണം എന്നുമുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10-2-2014 മുതലാണ് ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായത്.

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ 374 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) ഇൻഫർമേഷൻ കേരള മിഷനിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന 130 ജീവനക്കാരുണ്ട്. ഇതിൽ താഴെപ്പറയുന്ന 5 പേർ എഞ്ചിനീയറിംഗ് ബിരുദധാരികളാണ്.

1. ശ്രീ. ജയകുമാർ. വൈ, മാനേജർ (ടെക്നിക്കൽ)
2. ശ്രീ. ജയരാജ് പി. ആർ., സീനിയർ ടെക്നിക്കൽ ഓഫീസർ
3. ശ്രീ. റെനിരാജൻ, സീനിയർ ടെക്നിക്കൽ ഓഫീസർ
4. ശ്രീ. ഖലീൽ റഹ്മാൻ, മാനേജർ (ടെക്നിക്കൽ)
5. ശ്രീമതി രഞ്ജിത എ. കെ., പ്രോജക്ട് മാനേജർ

(ഡി) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ, വേതന ഘടന എന്നിവ നിർണ്ണയിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly